(ഇ) ഈ സാങ്കേതിക തകരാറുമൂലം വെള്ളം ഉപയോഗിക്കാതെ തന്നെ വാട്ടർ മീറ്ററുകളിൽ ഉയർന്ന റീഡിംഗ് രേഖപ്പെടുത്താറുണ്ടോ ;

(എഫ്) ഇക്കാരണത്താൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ വിലയേക്കാൾ കൂടിയതുക വാട്ടർ ചാർജ്ജായി നൽകേണ്ടതായി വരുന്നുണ്ടോ ;

(ജി) എങ്കിൽ അതിനുള്ള പരിഹാരമെന്തെന്ന് വിശദീകരിക്കാമോ ;

(എച്ച്) ഇത് സംബന്ധിച്ച് കൊഞ്ചിറവിള ഭാഗത്ത് നിന്ന് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ഐ) എങ്കിൽ അത് പരിശോധിച്ചുവോ ;

(ജെ) വെള്ളം ഉപയോഗിക്കാതെ തന്നെ ഉയർന്ന മീറ്റർ റീഡിംഗ് അനുസരിച്ചുള്ള പണം നൽകേണ്ടതായി വരുന്ന ഇത്തരം ഉപഭോക്താക്കൾ അടച്ചിട്ടുള്ള തുക റീ ഫണ്ടു ചെയ്യുമോ ?

ഉത്തരം

(എ) അവിട്ടം റോഡ്, നാലാഞ്ചിറ-കുരിശ്ശടി പൊതുജനം ലൈൻ, എം.ആർ.ഹിൽ എന്നീ പ്രദേശങ്ങളിൽ പകൽ സമയം വെള്ളം ലഭിക്കാതെ വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊഞ്ചിറവിള ഭാഗത്ത് മിക്കവാറും മുഴുവൻ സമയവും വെള്ളം ലഭിക്കുന്നുണ്ട്.

(ഡി) അപ്രകാരം സാധാരണ ഗതിയിൽ മീറ്റർ പ്രവർത്തിക്കുകയില്ല.

(ഇ) ഇല്ല.

(എഫ്&ജി) ഉദിക്കുന്നില്ല.

(എച്ച്) ഇല്ല.

(ഐ) ഉദിക്കുന്നില്ല.

(ജെ) ഇത്തരം സാഹചര്യങ്ങൾക്ക് സാദ്ധ്യതയില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

അയർകുന്നം, കുരോപ്പട, പാമ്പാടി, മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

63 (288) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർകുന്നം, കാരോപ്പട പാമ്പാടി, മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം പമ്പു ചെയ്തു തുടങ്ങിയോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വേനൽക്കാലത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധീകരിക്കാത്ത വെള്ളം ഈ സ്കീമിൽ നിന്നും വിതരണം ചെയ്യുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ശുദ്ധീകരിക്കാത്ത വെള്ളം പൂർണ്ണമായി വിതരണം ചെയ്യുന്നതിന് ഇനിയും പൂർത്തിയാക്കേണ്ട പണികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെൻഡർ ഉറപ്പിച്ചുകൊടുത്തുവോ ;

(എഫ്) ഇല്ലെങ്കിൽ എത്രയും വേഗം ടെൻഡറിനനുമതി നൽകുവാനും പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ജി) ഈ സ്കീം പൂർണ്ണമായും എപ്പോൾ പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത് ?

ഉത്തരം

(എ) പ്രസ്തുത പദ്ധതികളിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം ക്ലോറിൻ കലർത്തി അണു വിമുക്തമാക്കിയതിനുശേഷം പമ്പ് ചെയ്തു തുടങ്ങിയിട്ടുണ്ട്.

(ബി) ഈ വേനൽക്കാലത്ത് അയർക്കുന്നം പഞ്ചായത്തിൽ ശുദ്ധീകരിക്കാത്ത വെള്ളം ക്ലോറിനേറ്റ് ചെയ്ത് വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇനിയും പൂർത്തിയാകേണ്ട പണികൾ താഴെപറയുന്നവയാണ്.

1. കോയിത്താനത്ത് ഒരു ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കുക.
2. ജലം പമ്പു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന പണി പൂർത്തിയാക്കുക.
3. വാഴപ്പറമ്പ്, മാതൃമല എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ടെൻഡർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(എഫ്) ടെൻഡർ ഉറപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ജി) 2003 മാർച്ച് മാസം.

പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി

64 (289) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly